മഹിളാ സംഘടനകളുടെ നിവേദനം

277 (298) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
(ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. ടി. കുമാരൻ :
,, കാനം രാജേന്ദ്രൻ :
,, കെ ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പ്രശ്നങ്ങളുന്നയിച്ചുകൊണ്ട് ഏതെങ്കിലും മഹിളാ സംഘടനകൾ മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളാണ് നിവേദനം നൽകിയിട്ടുള്ളത് ;

(സി) നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഡിമാൻറുകളിൻമേൽ ഇതുവരെ ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) അഖിലേന്ത്യാ വിമൻസ് കോൺഫറൻസിൻെറ കേരളശാഖയും, കേരള സംസ്ഥാന മഹിളാസമാജം യൂണിയനും, കേരളാ മഹിളാസംഘവും, മഹിളാ കോൺഗ്രസും.

(സി) ആൻറ് (ഡി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : സ്ത്രീധനത്തിൻെറ പേരിൽ സ്ത്രീകളുടെ നേരെയുള്ള ക്രൂരമായ പീഡനങ്ങളും, മർദ്ദനങ്ങളും അതുപോലെതന്നെ കൊലപാതകങ്ങളും വർദ്ധിച്ചു വരുന്നതിനെ കണക്കിലെടുത്ത് ഈ സംസ്ഥാനത്തെ മഹിളാ സംഘടനകളുമായി ഈ പ്രശ്നം ഗൗരവമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള മഹിളാ സംഘം തന്നെ കഴിഞ്ഞ സെപ്റ്റംബർ 10-ാം തീയതി മുഖ്യമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നു. ഈ നിവേദനത്തിൻെറ അടിസ്ഥാനത്തിൽ മഹിളാ സംഘടനകളുമായി ആലോചിക്കുന്നതിനും, പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും മുഖ്യമന്ത്രി ശ്രമിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : അടുത്ത ഒരു ചോദ്യം വരുന്നുണ്ട്. ഇതിനകം 51 കേസുകൾ ആണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിനെ സ്പെഷ്യൽ കേസ് എടുത്തിട്ടുണ്ട്, പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഞാൻ ചോദിച്ചുവരുന്നത് ആവർത്തിച്ചുവരുന്ന കൊലപാതകങ്ങൾ എത്രയാണെന്നാണ് ?

ശ്രീ. കെ. കരുണാകരൻ : കൂടുതൽ എന്തെങ്കിലും നടപടികൾ എടുക്കണമെന്നുണ്ടെങ്കിൽ ആലോചിച്ച് അതിൻെറ സംഘടനാ പ്രതിനിധികളുമായി സംസാരിക്കുന്നതിനും വിരോധമില്ല

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗൗരിയമ്മ തങ്കപ്പൻ : സർ, മഹിളാ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ചില പരിപാടികൾ സാമൂഹ്യക്ഷേമവകുപ്പും സാമൂഹ്യവികസനവകുപ്പും നടത്തുന്നുണ്ടെന്നു പറഞ്ഞു ഒരു വനിതാ ക്ഷേമ കോർപ്പറേഷൻ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് നമ്മുടെ ഗവൺമെന്റ് ആലോചിക്കുന്നതായി പത്രത്തിൽ കണ്ടു, ഇവിടെ ചോദ്യത്തിന് മറുപടിയും പറഞ്ഞു. ആ വനിതാക്ഷേമകോർപ്പറേഷൻ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ ഏതുവരെയായി എന്ന് പറയാൻ തയ്യാറുണ്ടാകുമോ ?

ശ്രീ. കെ. കരുണാകരൻ : കോർപ്പറേഷൻ രൂപീകരിച്ചാൽ പ്രശ്നത്തിന് പരിഹാരമാകുമെന്നുള്ള പൂർണ്ണമായ ധാരണ ശരിയല്ല. എങ്കിലും കോർപ്പറേഷൻകൊണ്ട് അതിന് എന്തെങ്കിലും സഹായമാകുമെങ്കിൽ പരിശോധിക്കാവുന്നതേയുള്ളൂ. ഇപ്പോൾ തന്നെ ചില നടപടികൾ നേരിട്ട് ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : വിവിധ മഹിളാ സംഘടനകളുടെ നിവേദനത്തെക്കുറിച്ച് പറഞ്ഞു. ഓരോ മഹിളാസംഘടനകളും എന്നാണ് ഗവൺമെന്റിനു നിവേദനം നൽകിയത് എന്ന തീയതികൾ വ്യക്തമാക്കുമോ ?

ശ്രീ. കെ. കരുണാകരൻ : 25-6-1983-ൽ ഒന്ന്, 25-4-1984-ൽ ഒന്ന്, 10-9-1986-ൽ ഒന്ന് 11-12-1985-ൽ ഒന്ന്, ഇങ്ങനെ 4 നിവേദനങ്ങളിലായിട്ടാണ് തന്നിട്ടുള്ളത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പോലീസ് വകുപ്പിൽ ഒരു പ്രത്യേക വനിതാസെൽ രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോൾ വനിതകളെ ബാധിക്കുന്ന കാര്യങ്ങൾ നോക്കാൻ ചില സ്ഥലങ്ങളിൽ വനിതാപോലീസ് സ്റ്റേഷൻ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. അതു വിപുലപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇടുക്കിജില്ലയിലെ തങ്കമണിയിൽ നിയമപാലകർ തന്നെ 22-ാം തീയതി രാത്രി വീടുകളിൽ കയറി സ്ത്രീകളെ ബലാൽസംഗം ചെയ്തുവെന്നുള്ള വാർത്ത പത്രങ്ങളിൽ വന്നിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത്തരം എത്ര കേസുകൾ ഇവിടെയുണ്ടായി ; അതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ഗവൺമെന്റിന്റെ അന്വേഷണത്തിൽ അങ്ങനെ ഉണ്ടായിട്ടില്ല, എന്തായാലും ശരി അതേക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ട്, ഇപ്പോൾ കൂടുതലൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : 22-ാം തീയതി രാത്രി തങ്കമണിയിൽ ഞങ്ങളെ ഈ നിയമപാലകരായിട്ടുള്ളവർ തന്നെ ബലാൽസംഗം ചെയ്തുവെന്നും, കൈയേറ്റം ചെയ്തുവെന്നും, ഐ. ജി. മുഖേന നേരിട്ട് റിപ്പോർട്ട് കൊടുത്തുവെന്നും പത്രത്തിൽ വന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് വല്ല വിവരവും കിട്ടിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ഈ സഭയിൽ ഞാൻതന്നെപറഞ്ഞതാണ്, കൈയേറ്റം ചെയ്തുവെന്ന റിപ്പോർട്ട് അന്വേഷണത്തിനുശേഷം കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആളുകളെ സസ്പെൻഡ് ചെയ്യുക മാത്രമല്ല, അവരുടെ പേരിൽ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഒക്ടോബർ 20-ന്റെ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടിയായി, 149 ഹരിജൻ യുവതികളടക്കം 491 പേരെ ബലാൽസംഗം ചെയ്യപ്പെട്ടിട്ടുണ്ടെന്നും, 477 കേസുകളിൽ പ്രതികളെ ഇതുവരെ പിടിച്ചിട്ടില്ലെന്നും പറഞ്ഞു. അതേ ദിവസം തന്നെ 3437-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടിയായി 234 സ്ത്രീകളെ തട്ടിക്കൊണ്ടുപോയ കേസുണ്ടെന്നും ഈ കാലയളവിൽ 1037 സ്ത്രീ പീഡനങ്ങളും നടന്നിട്ടുണ്ടെന്നും ഗവൺമെന്റ് തന്നെ ഉത്തരം നൽകിയ സ്ഥിതിക്ക് സ്ത്രീ പീഡനവും, ബലാൽക്കാരവും, സ്ത്രീകൾക്കെതിരായ ദ്രോഹനടപടികളും വളരെകൂടികൊണ്ടിരിക്കുന്നത് പരിഗണിച്ച് പോലീസിനെതിരായി ഗവൺമെന്റ് വല്ല പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : മുൻകാലങ്ങളിലുണ്ടായിട്ടുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ എന്തെങ്കിലും ഭേദഗതി ആവശ്യമാണെങ്കിൽ അത് പരിശോധിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കും.

ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി : തങ്കമണിയിൽ നടന്ന സ്ത്രീ പീഡനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ശ്രീമതി കമലത്തിന്റെ നേതൃത്വത്തിൽ ഈ സഭയിലെ വനിതാമെമ്പർമാരുടെ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുമോ ?

ശ്രീ. കെ. കരുണാകരൻ : ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ചോദ്യത്തിന് മറുപടിയായി തങ്കമണിയിൽ ബലാൽസംഗം നടന്നിട്ടില്ലായെന്നാണ് പറഞ്ഞത്. നവംബർ 5-ാം തീയതിയിലെ മലയാളമനോരമ മുഖപ്രസംഗത്തിൽ പറയുന്നത് പോലീസുകാർ സ്ത്രീകളെ അപമാനിക്കുകയും, മാനഭംഗപ്പെടുത്തുകയും ചെയ്തത് എങ്ങനെ ക്രമസമാധാനപാലനമാകും എന്നൊരു ചോദ്യമാണ്. അപ്പോൾ അവർതന്നെ ഇത് അംഗീകരിക്കുന്നു. നിങ്ങളെ സഹായിക്കുന്ന പത്രം. സ്ത്രീകളെ മാനഭംഗപ്പെടുത്തിയെന്നു പറയുന്നു, അതിനെ സംബന്ധിച്ച് മുഖ്യമന്ത്രിക്ക് വല്ലതും പറയാനുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ഒരു പത്രത്തിന്റെ എഡിറ്റോറിയലിൽ വരുന്നതു മുഴുവൻ അംഗീകരിക്കാൻ ഈ ഗവൺമെന്റിനു ബാദ്ധ്യതയില്ല. അതേയവസരത്തിൽ ഇതേക്കുറിച്ച് അന്വേഷിക്കാമെന്നു പറഞ്ഞു. അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആരേയും സഹായിക്കുന്ന ഏർപ്പാടില്ല, ആരേയും പ്രൊട്ടക്ട് ചെയ്യേണ്ട ചുമതലയും ഈ ഗവൺമെന്റിനില്ല. കുറ്റം ചെയ്ത ആളുകളെ ശിക്ഷിക്കാൻ വേണ്ടിയാണ് അന്വേഷണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കൃത്യമായിട്ടുള്ളനടപടികളും സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : സർ, നമ്മുടെ മുഖ്യമന്ത്രി പറയുന്നു ബലാൽസംഗം നടന്നിട്ടില്ലായെന്ന്: ബലാൽസംഗം നടന്നുവെന്ന് പറയണമെങ്കിൽ ഈ ഗവൺമെൻറിന്റെ നിർവചനം—ബലാൽസംഗത്തെക്കുറിച്ച്—എന്താണ് ?

(മറുപടി പറഞ്ഞില്ല)

ശ്രീ. കെ. ടി. കുഞ്ഞിരാമൻ : കേരളത്തിൽ ഇന്നേവരെ അറിയപ്പെടാത്തത്ര പൈശാചികമായ രൂപത്തിൽ 22-ാം തീയതി തങ്കമണിയിൽവച്ച് ബലാൽസംഗം ചെയ്യപ്പെട്ട 6 സ്ത്രീകളും, പോലീസ് ഐ. ജി. അവിടെച്ചെന്നപ്പോഴും, അവിടത്തെ പള്ളിവികാരിയോടും അവർ പറഞ്ഞു, ഞങ്ങളും ബലാൽസംഗംചെയ്യപ്പെട്ടുവെന്ന്. ഈ വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. കെ. കരുണാകരൻ : അന്വേഷണക്കോടതി മുമ്പാകെ അവർക്ക് പുതി കൊടുക്കാം, അതിനെ സംബന്ധിച്ച് ഗവൺമെൻറ് എല്ലാ സൗകര്യവും ചെയ്യുന്നതാണ്.

വിമുക്തഭടൻമാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പരിശീലനം

* 278. [299] ശ്രീ. പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, നാലകത്ത് സൂപ്പി :
,, പി. സി. ജോർജ് :
,, ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടൻമാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പരിശീലനം നൽകാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിലേക്കായി പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) എത്തെല്ലാം കോഴ്സുകൾക്കാണ് ഈ വർഷം വിമുക്തഭടൻമാരെ തെരഞ്ഞെടുക്കുന്നത് ;

(ഡി) സൈനികസേവനത്തിൽ നിന്നും പിരിഞ്ഞതിനുശേഷം എത്ര വർഷംവരെ മാറു ജോലികൾക്ക് പോകാത്തവരെയാണ് ഈ കോഴ്സിൽ പ്രവേശിപ്പിക്കുന്നത് ;

(ഇ) ഈ വർഷം എവിടെയെല്ലാം വിമുക്തഭടൻമാർക്കുള്ള പരിശീലനകോഴ്സ് തുടങ്ങുന്നുണ്ട് ;

(എഫ്) ഈ പരിശീലന പരിപാടി നടപ്പിലാക്കുന്നത് ഏതു ഏജൻസി വഴിയാണ് ;

(ജി) ഈ പരിപാടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly